ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 15.11.2025** | പ്രധാന വാർത്തകൾ | **TIME : 07.25 AM**

1. ബിഹാറിൽ 202 സീറ്റുമായി എൻ.ഡി.എ.യ്ക്ക് ഭരണതുടർച്ച. മഹാസഖ്യത്തിന് 35 ഇടങ്ങളിൽ ജയം. 89 സീറ്റുമായി ബിജെപി ഏറ്റവും വലിയ ഒറ്റക്കക്ഷി.

   **Ruling National Democratic Alliance registers landslide victory in Bihar Assembly elections; NDA bags 202 seats. Mahagathbandhan wins in 35 constituencies. BJP emerged as the largest party, winning 89 seats.**

2. ജനാധിപത്യത്തിന്റെ വിജയമാണ് ബിഹാർ തിരഞ്ഞെടുപ്പ് ഫലമെന്ന് പ്രധാനമന്ത്രിയും ബിജെപി മുതിർന്ന നേതാവുമായ നരേന്ദ്ര മോദി. തിരഞ്ഞെടുപ്പ് ഫലം പരിശോധിക്കുമെന്ന് കോൺഗ്രസ് ദേശീയ അധ്യക്ഷൻ മല്ലികാർജുൻ ഖാർഗേ.

   **Senior BJP Leader and Prime Minister Narendra Modi stated that the Bihar Assembly election result is the victory for democracy. Congress President Mallikarjun Kharge has said they will study the election results.**

3. തീവ്ര വോട്ടർപ്പട്ടിക പരിഷ്കരണത്തിന്റെ രണ്ടാം ഘട്ടത്തിൽ 46 കോടിയിലധികം എന്യുമറേഷൻ ഫോമുകൾ വിതരണം ചെയ്തതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ.

   **The Election Commission has informed that over 46 crore enumeration forms have been distributed among**

electors since the launch of phase two of Special Intensive Revision.

4. സ്വാതന്ത്ര്യ സമര സേനാനിയും ഗോത്ര നേതാവുമായ ബിർസ മുണ്ടയുടെ 150-ാം ജന്മ വാർഷികം ഇന്ന്. ഗുജറാത്തിലെ ജൻജാതീയ ഗൗരവ് ദിവസ് ആഘോഷങ്ങളിൽ പ്രധാനമന്ത്രി പങ്കെടുക്കും.

   Today is the 150th birth anniversary of Birsa Munda, freedom fighter and tribal leader. The Prime Minister will take part in the Janjatiya Gaurav Divas celebrations in Gujarat.

5. കേരളത്തിൽ തദ്ദേശ പൊതുതിരഞ്ഞെടുപ്പിനുള്ള നാമ നിർദേശ പത്രികാ സമർപ്പണം പുരോഗമിക്കുന്നു. പത്രികകൾ ഈ മാസം 21 വരെ സമർപ്പിക്കാം.

   Submission of nomination papers for the local body elections is underway in Kerala. The last date for submission is 21st of this month.

6. കുമാമോട്ടോ മാസ്റ്റേഴ്സ് ടൂർണമെന്റിൽ ഇന്ത്യയുടെ ലക്ഷ്യ സെൻ സെമിയിൽ.

   Top Indian shuttler Lakshya Sen stormed into the semi-finals of the Kumamoto Masters Japan tournament.

## BIHAR-RESULT (INTRO)

ബിഹാറിൽ ഭരണത്തുടർച്ച ഉറപ്പാക്കി എൻ.ഡി.എ. നിയമസഭാ തിരഞ്ഞെടുപ്പിൽ 243 അംഗ നിയമസഭയിലെ 202 സീറ്റുകളിൽ വിജയമുറപ്പിച്ചാണ് എൻ.ഡി.എ അധികാരത്തിൽ എത്തുന്നത്. 122 സീറ്റുകളാണ് സർക്കാർ രൂപീകരണത്തിന് ആവശ്യം.

വിശദാംശങ്ങളിലേക്ക്......

(വോയ്സ്)

*ബിഹാറിൽ 89 സീറ്റിൽ വിജയിച്ച് ബിജെപി ഏറ്റവും വലിയ ഒറ്റക്കക്ഷിയായി. എൻഡിഎ-സഖ്യകക്ഷികളായ ജെഡിയു 85 സീറ്റിലും, എൽജെപി 19 ഇടത്തും ഹിന്ദുസ്ഥാനി അവാം മോർച്ച അഞ്ചിടത്തും വിജയിച്ചു. രാഷ്ട്രീയ ലോക് മോർച്ച നാല് സീറ്റുകൾ നേടി. ബിഹാർ ഉപമുഖ്യമന്ത്രിമാരായ സാമ്രാട്ട് ചൗധരി, വിജയ് കുമാർ സിൻഹ, സഹമന്ത്രിമാരായ പ്രേം കുമാർ, മഹേശ്വർ ഹസാരി, സഞ്ജയ് സാരംഗി, തുടങ്ങിയവരാണ് വിജയിച്ച പ്രമുഖ എൻഡിഎ സ്ഥാനാർത്ഥികൾ. ആർ.ജെ.ഡിയുടെ നേതൃത്വത്തിലുള്ള മഹാസഖ്യത്തിന് 35 സീറ്റുകളിൽ മാത്രമാണ് വിജയിക്കാൻ സാധിച്ചത്.* **RJD** *25 സീറ്റിലും, കോൺഗ്രസ് 6 സീറ്റിലും മാത്രമാണ് വിജയിച്ചത്.* **AIMIM** *5 സീറ്റിലും,* **CPI (ML )** *2 ഇടത്തും,* **CPI (M )** *ഉം* **IIP** *യും ഓരോ സീറ്റിലും വിജയിച്ചു. ആർജെഡി നേതാവ് തേജസ്വി യാദവ്, സിപിഐ എംഎല്ലിലെ സന്ദീപ് സൗരവ് എന്നിവരാണ് പ്രതിപക്ഷ നിരയിൽ നിന്നും വിജയിച്ച പ്രമുഖർ. പ്രശാന്ത് കിഷോറിൻറെ ജൻസുരാജ് പാർട്ടിക്ക് ഒരു സീറ്റ് പോലും നേടാനായില്ല. ഈ മാസം 6, 11 തീയതികളിലായി നടന്ന ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിൽ രണ്ട് ഘട്ടങ്ങളിലുമായി 67.13 ശതമാനം റെക്കോർഡ് പോളിങ്ങാണ് രേഖപ്പെടുത്തിയത്.*

*ന്യൂസ് ഡെസ്ക് ആകാശവാണി....*

******************************

## PM-ADDRESS-BIHAR WIN (INTRO)

ബിഹാറിലേത് ജനാധിപത്യത്തിന്റെ വിജയമെന്ന് പ്രധാനമന്ത്രിയും ബിജെപിയുടെ മുതിർന്ന നേതാവുമായ

നരേന്ദ്ര മോദി. ന്യൂഡൽഹിയിലെ പാർട്ടി ആസ്ഥാനത്ത് പ്രവർത്തകരെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ജനാധിപത്യത്തിലും തിരഞ്ഞെടുപ്പ് കമ്മിഷനിലും വിശ്വാസം അർപ്പിച്ചതിന് അദ്ദേഹം ജനങ്ങൾക്ക് നന്ദി അറിയിച്ചു.

(ഹോൾഡ് വോയ്സ്.......)

*******************************

## KHARGE - RAHUL GANDHI

ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിൽ മഹാസഖ്യത്തിന് വോട്ട് രേഖപ്പെടുത്തിയ എല്ലാവർക്കും നന്ദി അറിയിച്ച് കോൺഗ്രസ് ദേശീയ അധ്യക്ഷൻ മല്ലികാർജുൻ ഖാർഗേ. തിരഞ്ഞെടുപ്പ് ഫലം പരിശോധിക്കുമെന്നും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. മഹാസഖ്യത്തിൽ വിശ്വാസമർപ്പിച്ചവർക്ക് നന്ദി അറിയിക്കുന്നതായി പറഞ്ഞ ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, ഫലം വിശകലനം ചെയ്യുമെന്നും ജനാധിപത്യത്തെ സംരക്ഷിക്കുന്നതിനുള്ള ശ്രമം തുടരുമെന്നും അറിയിച്ചു.

*******************************

## BYPOLL RESULTS

ഏഴ് സംസ്ഥാനങ്ങളിലെ എട്ട് നിയമസഭാ മണ്ഡലങ്ങളിലേക്കുള്ള ഉപതെരഞ്ഞെടുപ്പിൽ ബിജെപിയും കോൺഗ്രസും രണ്ട് സീറ്റുകൾ വീതം നേടി. ആം ആദ്മി പാർട്ടി, ഝാർഖണ്ഡ് മുക്തി മോർച്ച, മിസോ നാഷണൽ ഫ്രണ്ട്, പീപ്പിൾസ് ഡെമോക്രാറ്റിക് പാർട്ടി എന്നിവ ഓരോ സീറ്റും നേടി.

*******************************

## ECI- SIR

തീവ്ര വോട്ടർപ്പട്ടിക പരിഷ്കരണത്തിന്റെ രണ്ടാം ഘട്ടത്തിൽ ഇതുവരെ 46 കോടിയിലധികം എന്യുമറേഷൻ ഫോമുകൾ

രാജ്യമെമ്പാടും വിതരണം ചെയ്തതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. ഈ ഘട്ടത്തിൽ ഉൾപ്പെടുത്തേണ്ട വോട്ടർമാരുടെ 91 ശതമാനമാണിത്. കേരളം ഉൾപ്പടെ ഒമ്പത് സംസ്ഥാനങ്ങളിലും മൂന്ന് കേന്ദ്രഭരണ പ്രദേശങ്ങളിലും ആരംഭിച്ച ഫോം വിതരണം അടുത്ത മാസം 4 വരെ തുടരും.

*******************************

## JANJATIYA GAURAV DIVAS

സ്വാതന്ത്ര്യ സമര സേനാനിയും ഗോത്ര നേതാവുമായ ബിർസ മുണ്ടയുടെ 150-ാം ജന്മവാർഷികം രാജ്യം ഇന്ന് ജൻ ജാതിയ ഗൗരവ് ദിവസായി ആഘോഷിക്കുന്നു. ദിനാചരണത്തിന്റെ ഭാഗമായി സാംസ്കാരിക പരിപാടികൾ, പ്രദർശനങ്ങൾ, എന്നിവ മന്ത്രാലയങ്ങളിലും സംസ്ഥാനങ്ങളിലും സംഘടിപ്പിക്കും.

*******************************

## PM-GUJARAT VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഗുജറാത്ത് സന്ദർശിക്കും. സ്വാതന്ത്ര്യ സമര സേനാനിയും ഗോത്ര നേതാവുമായ ബിർസ മുണ്ടയുടെ 150-ാമത് ജന്മ വാർഷികത്തോടനുബന്ധിച്ച് നർമ്മദ ജില്ലയിൽ സംഘടിപ്പിക്കുന്ന ജൻജാതീയ ഗൗരവ് ദിവസ് പരിപാടിയിൽ അദ്ദേഹം പങ്കെടുക്കും. 9,700 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ ശിലാസ്ഥാപനവും പ്രധാനമന്ത്രി നിർവഹിക്കും. നർമ്മദ ജില്ലയിലെ ദേവ്മോഗ്ര ക്ഷേത്രത്തിൽ ദർശനം നടത്തുന്ന ശ്രീ നരേന്ദ്ര മോദി മുംബൈ- അഹമ്മദാബാദ് അതിവേഗ റെയിൽ ഇടനാഴിയുടെ പുരോഗതിയും വിലയിരുത്തും.

*******************************

## RBI-NEW EXPORT MEASURES

ഇന്ത്യൻ കയറ്റുമതിയിലെ ആഗോള വ്യാപാര തടസ്സങ്ങൾ ലഘൂകരിക്കുന്നതിനുള്ള നിരവധി നടപടികൾ റിസർവ് ബാങ്ക്

ഓഫ് ഇന്ത്യ പ്രഖ്യാപിച്ചു. ഫോറിൻ എക്സ്ചേഞ്ച് മാനേജ്മെന്റ് ആക്ട് അഥവാ ഫെമ ചട്ടങ്ങൾ പ്രകാരം, ഇന്ത്യയിൽ നിന്ന് കയറ്റുമതി ചെയ്യുന്ന സാധനങ്ങൾ, സോഫ്റ്റ്‌വെയർ, സേവനങ്ങൾ എന്നിവയുടെ പൂർണ്ണ മൂല്യം തിരിച്ചറിയുന്നതിനും തിരിച്ചയക്കുന്നതിനും അനുവദിച്ചിരിക്കുന്ന കാലയളവ് ആർബിഐ നീട്ടി. ഔദ്യോഗിക വിജ്ഞാപനം പ്രകാരം ഈ കാലയളവ് ഒമ്പത് മാസത്തിൽ നിന്ന് 15 മാസമായിയാണ് നീട്ടിയത്. കയറ്റുമതി വായ്പ തിരിച്ചടയ്ക്കുന്നതിനുള്ള വ്യവസ്ഥകളിലും ആർബിഐ ഇളവ് വരുത്തിയിട്ടുണ്ട്.

*******************************

## JAMMU BLAST

ജമ്മുകശ്മീരിൽ നൗകാം പൊലീസ് സ്റ്റേഷന് സമീപം സ്ഫോടനം. ഇന്നലെ രാത്രി 11.20 ഓടെയാണ് സ്ഫോടനമുണ്ടായത്. തിരച്ചിൽ നടത്തുന്നതിനിടെ സ്ഫോടക വസ്തുക്കൾ പൊട്ടിത്തെറിക്കുകയായിരുന്നു.

*******************************

## KERALA LSG POLL

കേരളത്തിൽ തദ്ദേശ പൊതുതിരഞ്ഞെടുപ്പിനുള്ള നാമ നിർദേശ പത്രിക സമർപ്പണം പുരോഗമിക്കുന്നു. ഈ മാസം 21 വരെ പത്രികകൾ സമർപ്പിക്കാം. 1,199 തദ്ദേശ സ്ഥാപനങ്ങളിലെ 23,576 വാർഡുകളിലേക്കുള്ള തിരഞ്ഞെടുപ്പിന്റെ വിജ്ഞാപനം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇന്നലെ പുറത്തിറക്കി. അടുത്ത മാസം 9,11 തീയതികളിൽ രണ്ട് ഘട്ടങ്ങളായാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 13 ന് നടക്കും.

*******************************

## CHIEF ELECTORAL OFFICER

തീവ്ര വോട്ടർ പട്ടിക പരിഷ്കരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരളത്തിൽ ഇന്നലെ വരെ രണ്ട് കോടിയിലധികം

വോട്ടർമാരുടെ കൈയ്യിൽ എന്യൂമറേഷൻ ഫോം എത്തിയതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. ഏഴ് ജില്ലകളിൽ 80% ലധികം ഫോം വിതരണം ചെയ്തിട്ടുണ്ട്. എല്ലാ ബിഎൽഒ-മാരും മുഴുവൻ ഡാറ്റയും അപ് ലോഡ് ചെയ്യുന്നത് വഴി യഥാർത്ഥ കണക്ക് ഇതിലും കൂടുതലായിരിക്കുമെന്നും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ പറഞ്ഞു.

*******************************

## VANDEMATARAM - IDUKKI

ദേശീയ ഗീതമായ വന്ദേമാതരത്തിന്റെ 150-ാം വാർഷികം ഇടുക്കിയിലെ തൊടുപുഴ ന്യൂമാൻ കോളേജിൽ സമുചിതമായി ആഘോഷിച്ചു. മുവാറ്റുപുഴ 18 കേരള ബറ്റാലിയന്റെ നേതൃത്വത്തിലാണ് കാര്യപരിപാടികൾ അരങ്ങേറിയത്. തൊടുപുഴയിലെ യുദ്ധസ്മാരകത്തിൽ ധീര സൈനികർക്ക് ആദരാഞ്ജലികൾ അർപ്പിച്ച് പുഷ്പചക്രം സമർപ്പിച്ചു.

*******************************

## IITF (INTRO)

44-ാമത് അന്താരാഷ്ട്ര വ്യാപാര മേളയ്ക്ക് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ തുടക്കമായി. കരകൗശല വിദഗ്ധരുടേയും ആധുനിക സാങ്കേതിക വിദ്യയുടേയും സമന്വയമാണ് മേളയിൽ പ്രകടമാകുന്നതെന്ന് ഉദ്ഘാടനം നിർവ്വഹിക്കവെ കേന്ദ്ര സഹമന്ത്രി ജിതിൻ പ്രസാദ പറഞ്ഞു.

(വോയിസ്)

ഏക ഭാരതം - ശ്രേഷ്ഠ ഭാരതം എന്നതാണ് ഇത്തവണത്തെ മേളയുടെ പ്രമേയം. കേരളത്തിന്റെ പവലിയൻ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു.

*******************************

## BADMINTON

ജപ്പാനിൽ നടക്കുന്ന കുമാമോട്ടോ മാസ്റ്റേഴ്സ് ടൂർണമെന്റിൽ ഇന്ത്യയുടെ ലക്ഷ്യ സെൻ സെമിഫൈനലിൽ കടന്നു. ഇന്നലെ നടന്ന ക്വാർട്ടർ ഫൈനലിൽ മുൻ ലോക ചാമ്പ്യൻ സിംഗപ്പൂരിന്റെ ലോഹ് കീൻ യൂവിനെയാണ് ലക്ഷ്യ പരാജയപ്പെടുത്തിയത്. ഇന്ന് നടക്കുന്ന സെമിയിൽ അദ്ദേഹം ജപ്പാന്റെ കെന്റ നിഷിമോട്ടോയെ നേരിടും.

*******************************

## ISSF WORLD CHAMPIONSHIP

ഐഎസ്എസ്എഫ് വേൾഡ് ചാമ്പ്യൻഷിപ്പ് ഷൂട്ടിംഗിൽ വനിതകളുടെ 25 മീറ്റർ പിസ്റ്റൾ ഇനത്തിൽ ഏഷ്യൻ മുൻ ചാമ്പ്യൻ ഇഷാ സിംഗിന് വെങ്കല മെഡൽ. ഇത് ഇഷയുടെ ആദ്യ വ്യക്തിഗത സീനിയർ ലോക ചാമ്പ്യൻഷിപ്പ് മെഡൽ നേട്ടം കൂടിയാണിത്.

*******************************

## IFFI

ഗോവ അന്താരാഷ്ട്ര ചലചിത്ര മേളയിലെ മീഡിയ രജിസ്ട്രേഷൻ ഈ മാസം 17 വരെ നീട്ടി. ഈ മാസം 20 മുതൽ 28 വരെ ഗോവയിലെ പനാജിയിലാണ് 56-ാമത് ഇന്ത്യ അന്താരാഷ്ട്ര ചലചിത്ര മേള സംഘടിപ്പിക്കുന്നത്.

*******************************

## KERALA LOKAYUKTA DAY

ലോകായുക്താ ദിനാചരണത്തിന്റെ ഭാഗമായി കേരളാ ലോകായുക്ത വൈകിട്ട് നിയമസഭാ സമുച്ചയത്തിലെ ബാങ്ക്വറ്റ് ഹാളിൽ പ്രത്യേക പരിപാടി സംഘടിപ്പിക്കും. ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് A മുഹമ്മദ് മുഷ്താഖ് മുഖ്യാതിഥിയാവും.

*******************************

## NATIONAL WORKSHOP - HEALTH

നഴ്സിങ്ങ് നയ രൂപീകരണവുമായി ബന്ധപ്പെട്ട് കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം സംഘടിപ്പിച്ച മൂന്ന് ദിവസത്തെ ദേശീയ ശില്പശാല ന്യൂഡൽഹിയിൽ സമാപിച്ചു. മെച്ചപ്പെട്ട തൊഴിൽ സാഹചര്യം ഒരുക്കി നഴ്സുമാരേയും പ്രസവശുശ്രൂഷ നടത്തുന്നവരേയും ശാക്തീകരിക്കുകയായിരുന്നു ശിൽപശാലയുടെ ലക്ഷ്യം. ആഗോള ആരോഗ്യ പരിരക്ഷ കൈവരിക്കുന്നതിന് നഴ്സിങ്ങ് മേഖലയുടെ മികച്ച പിന്തുണ ആവശ്യമാണെന്ന് ശിൽപശാല ആവർത്തിച്ചു.

*

***************

**********************************************